# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 798 — 07.02.2013 - ൽ മറുപടിക്ക്

**<u>സ്റ്റാഫ് നഴ്സുമാരുടെ പുനർവിന്യാസം</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കിടത്തിച്ചികിത്സാ സൗകര്യം ഇല്ലാത്ത ആരോഗ്യ കേന്ദ്രങ്ങളിലെ സ്റ്റാഫ് നഴ്സുമാരെ, കിടത്തിച്ചികിത്സാ സൗകര്യം ഉള്ള ആരോഗ്യ കേന്ദ്രങ്ങളിലേക്ക് പുനർ വിന്യസിച്ച് ഉത്തരവായിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | എ) | ജി.ഒ (എം.എസ്) നം.25/2012/ ആ.കു.വ. തീയതി 28.1.12 പ്രകാരം ഉത്തരവായിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| ബി) ഇപ്രകാരം സ്റ്റാഫ് നഴ്സുമാരെ പുനർ വിന്യസിച്ച് നൽകിയിട്ടും ഇവിടെ ജോലി ചെയ്തു വരുന്ന ഹെഡ് നഴ്സുമാരെ പുനർവിന്യസിക്കാതെ നിലനിറുത്തിയിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ; | ബി) | സ്റ്റാഫ് നഴ്സുമാരെ കൂടുതലായി പുനർവിന്യസിച്ചത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ നിന്നുമാണ്. അവയിൽ ഹെഡ് നഴ്സുമാരുടെ തസ്തികകൾ ഉണ്ടായിരുന്നില്ല. ഹെഡ് നഴ്സുമാർ ഉണ്ടായിരുന്ന രണ്ട് ലെപ്രസി സാനറ്റോറിയങ്ങളിൽ നിന്നാണ് മാത്രമാണ് സ്റ്റാഫ് നഴ്സുമാരെ പുനർ വിന്യസിച്ചത്. ഈ രണ്ട് സ്ഥാപനങ്ങളിലും ദൈനംദിന നഴ്സിംഗ് ജോലികൾ കുറവായതിനാലാണ് സ്റ്റാഫ് നഴ്സുമാരെ പുനർവിന്യസിക്കുകയും ഹെഡ് നഴ്സുമാരെ നിലനിറുത്തുകയും ചെയ്തത്. |
| സി) കിടത്തിച്ചികിത്സാ സൗകര്യം ഇല്ലാത്ത കേന്ദ്രങ്ങളിലെ ഹെഡ് നഴ്സുമാരെ, സമീപത്ത് തിരക്കുള്ള ആരോഗ്യ കേന്ദ്രങ്ങളിലേക്ക് പുനർ വിന്യസിച്ചു നൽകുന്ന കാര്യം പരിഗണിക്കാമോ ? | സി) | പരിഗണിക്കാവുന്നതാണ്. |

അനുബന്ധം ... ലഭ്യമാണ്

സെക്ഷൻ ഓഫീസർ